**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**കീം-2026**

**കേരളത്തിലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - അപേക്ഷകൾ ക്ഷണിച്ചു**

1. സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോളേജുകളിൽ താഴെ കൊടുത്തിരിക്കുന്ന ഡിഗ്രി കോഴ്സുകളിലേക്ക് 2026-27 വർഷത്തെ പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

| | | |
|---|---|---|
| A | *മെഡിക്കൽ കോഴ്സുകൾ | 1. എം.ബി.ബി.എസ്.<br>2. ബി.ഡി.എസ്.<br>3. ബി.എച്ച്.എം.എസ്(ഹോമിയോ)<br>4. ബി.എ.എം.എസ് (ആയുർവേദ)<br>5. ബി.എസ്.എം.എസ് (സിദ്ധ)<br>6. ബി.യു.എം.എസ് (യുനാനി) |
| B | *മെഡിക്കൽ അനുബന്ധ കോഴ്സുകൾ | 1. ബി.എസ്.സി (ഓണേഴ്സ്) അഗ്രികൾച്ചർ<br>2. ബി.എസ്.സി (ഓണേഴ്സ്) ഫോറസ്ട്രി<br>3.ബി.എസ്.സി (ഓണേഴ്സ്) കോ-ഓപ്പറേഷൻ & ബാങ്കിംഗ്<br>4.ബി.എസ്.സി (ഓണേഴ്സ്) ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയോൺമെന്റൽ സയൻസ്, ബി.എസ്.സി. (ഓണേഴ്സ്) അഗ്രി. ബിസിനസ് മാനേജ്മെന്റ്.<br>5.ബി.ടെക്( ബയോടെക്നോളജി) (കേരള കാർഷിക സർവ്വകലാശാല)<br>6. വെറ്ററിനറി (ബി.വി.എസ്.സി & എ.എച്ച്)<br>7. ഫിഷറീസ് (ബി.എഫ്.എസ്.സി) |
| C | ** എഞ്ചിനീയറിംഗ് കോഴ്സുകൾ | ബി.ടെക് കോഴ്സുകൾ (കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ബി.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ്, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകൾ, കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി.ടെക് ഡയറി ടെക്നോളജി, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകൾ, കേരള യൂണിവേഴ്സിറ്റി |

| | | |
|---|---|---|
| | | ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിന്റെ കീഴിലുള്ള ബി.ടെക് ഫുഡ് ടെക് നോളജി കോഴ്സ് ഉൾപ്പെടെ) |
| D | ** ഫാർമസി കോഴ്സ് | ബി.ഫാം |
| E | *** ആർക്കിടെക്ചർ കോഴ്സ് | ബി.ആർക്ക് |

*മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് National Eligibility-Cum-Entrance Test (NEET-UG) 2026 യോഗ്യത നേടിയിരിക്കണം. (പ്രോസ്പെക്ടസ് ക്ലോസ് 9.7.5 കാണുക)

**പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശനം.

*** ആർക്കിടെക്ചർ കോഴ്സ് പ്രവേശനത്തിന് കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന NATA-2026 യോഗ്യത 30.06.2026 ന് മുമ്പ് നേടിയിരിക്കണം.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിൽ (**www.cee.kerala.gov.in**) നൽകിയിട്ടുള്ള പ്രോസ്പെക്ടസിലെ വിവിധ വ്യവസ്ഥകൾ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷകർ ശ്രദ്ധാപൂർവ്വം വായിച്ച് മനസ്സിലാക്കേണ്ടതാണ്.

2 . **<u>അപേക്ഷ സമർപ്പിക്കേണ്ട വിധവും അവസാന തീയതിയും</u>** :- മേൽപ്പറഞ്ഞ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് മുഖേന **2026 ജനുവരി 05 മുതൽ ജനുവരി 31 വൈകുന്നേരം 5.00 മണിവരെ** ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷയിൽ വിദ്യാർത്ഥികൾ തങ്ങളുടേയോ, മാതാപിതാക്കൾ/രക്ഷകർത്താക്കളുടെയോ മൊബൈൽ നമ്പർ, ഇമെയിൽ ഐ.ഡി തന്നെയാണ് നൽകിയതെന്ന് ഉറപ്പാക്കേണ്ടതാണ്. വിദ്യാർത്ഥികൾ അവരുടെ എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ സർട്ടിഫിക്കറ്റ്, ജനന തീയതി, നേറ്റിവിറ്റി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ഫോട്ടോ (ആറുമാസത്തിനകം എടുത്തത്), ഒപ്പ് എന്നിവ **2026 - ജനുവരി 31 വൈകുന്നേരം 5.00** നകം അപേക്ഷയോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്നത് ഒഴികെയുള്ള മറ്റ് അനുബന്ധ രേഖകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിന് **07.02.2026 വൈകുന്നേരം 5.00 മണിവരെ** അവസരം ഉണ്ടായിരിക്കുന്നതാണ്. അപേക്ഷകന് ഏതെങ്കിലും ഒരു കോഴ്സിനോ/എല്ലാ കോഴ്സുകളിലേക്കുമോ ഉള്ള പ്രവേശനത്തിന് ഒരു ഓൺലൈൻ അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. അപേക്ഷയും അനുബന്ധരേഖകളും തപാൽ മാർഗം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതില്ല.

| |
|---|
| ***കീം 2026 പ്രവേശന പരീക്ഷ സംബന്ധിച്ച വിവരങ്ങൾ, ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ, വിവിധ കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ് സംബന്ധിച്ച് വിദ്യാർത്ഥികൾക്കുള്ള അറിയിപ്പുകൾ എന്നിവ ഈ ഓഫീസ് തപാൽ മാർഗ്ഗം നൽകുന്നതല്ല. പ്രവേശന പരീക്ഷ കമ്മിഷണറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനങ്ങൾ, പത്രക്കുറിപ്പുകൾ എന്നിവ മുഖേന വിവരങ്ങൾ ലഭ്യമാകുന്നതാണ്. ഓൺലൈൻ അപേക്ഷയിൽ മൊബൈൽ നമ്പർ, ഇ-മെയിൽ ഐഡി എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുമ്പോൾ വിദ്യാർത്ഥികൾ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ് എന്നറിയിക്കുന്നു.*** |

3. <u>പ്രവേശനത്തിന് വേണ്ട യോഗ്യതകൾ:</u>

I. **<u>നേറ്റിവിറ്റി</u>** : അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണം. Overseas Citizen of India കാർഡ് ഹോൾഡറേയും (OCI) (Persons of Indian Origin (PIO) കാർഡ് ഹോൾഡർ ഉൾപ്പെടെ) പ്രവേശനത്തിന്റെ പരിമിതമായ ആവശ്യത്തിനായി ഇന്ത്യൻ പൗരന്മാർക്ക് തുല്യമായി പരിഗണിക്കും. എന്നാൽ ബഹു.സുപ്രീംകോടതിയുടെ 03.02.2023-ലെ WP (C) No.891/2021 വിധിയുടേയും 01.11.2023 ലെ സംസ്ഥാന സർക്കാർ ഉത്തരവ് G.O(Rt) No.1620/2023/HEDN പ്രകാരവും PIO/OCI വിദ്യാർത്ഥികൾ ഏതെങ്കിലും തരത്തിലുള്ള സംവരണത്തിന് അർഹരല്ല. പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് അപേക്ഷിക്കുന്ന ഇന്ത്യൻ പൗരന്മാരെ കേരളീയൻ (Keralite), കേരളീയേതരൻ ഒന്നാം വിഭാഗം (NK-I), കേരളീയേതരൻ രണ്ടാം വിഭാഗം (NK-II) എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

A. **<u>കേരളീയൻ:</u>** അപേക്ഷകനോ, മാതാപിതാക്കളിൽ ആരെങ്കിലുമോ കേരളത്തിൽ ജനിച്ചവരാണെങ്കിൽ അപേക്ഷകനെ കേരളീയനായി കണക്കാക്കും. 'കേരളീയൻ' വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് വിവിധ സാമുദായിക/ പ്രത്യേക ഭിന്നശേഷിയുള്ളവർക്കുള്ള സംവരണാനുകൂല്യങ്ങളും ഫീസിളവും ലഭ്യമാകുക. കേരളീയരല്ലാത്ത കേരള കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ (എ.ഐ.എസ്) മക്കളെയും കേരളീയരായി പരിഗണിക്കുന്നതാണ്. എന്നാൽ ഇവർക്ക് സംവരണാനുകൂല്യങ്ങൾക്കോ, ഫീസ് ഇളവുകൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല. അപേക്ഷകൻ ഇന്ത്യൻ പൗരനായ കേരളീയനാണെന്ന് തെളിയിക്കുന്നതിനായി താഴെപറയുന്ന ഏതെങ്കിലും സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 6.1 കാണുക).

i. അപേക്ഷകന്റെ കേരളത്തിലെ ജന്മസ്ഥലം കാണിക്കുന്ന SSLC സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

ii. അപേക്ഷകന്റെ മാതാപിതാക്കളിൽ ആരുടെയെങ്കിലും കേരളത്തിലെ ജന്മസ്ഥലം കാണിക്കുന്ന SSLC സർട്ടിഫിക്കറ്റാണ് സമർപ്പിക്കുന്നതെങ്കിൽ അപേക്ഷകനും മാതാവ്/പിതാവ് തമ്മിലുള്ള ബന്ധം തെളിയിക്കുന്ന രേഖയും.

അല്ലെങ്കിൽ

iii. അപേക്ഷകന്റെയോ മാതാപിതാക്കളുടെയോ കേരളത്തിലെ ജന്മസ്ഥലം കാണിക്കുന്ന പാസ്പോർട്ടാണ് സമർപ്പിക്കുന്നതെങ്കിൽ, കുട്ടിയും മാതാവ്/പിതാവ് തമ്മിലുള്ള ബന്ധം തെളിയിക്കുന്ന രേഖയും.

അല്ലെങ്കിൽ

iv. ജനനം രജിസ്റ്റർ ചെയ്യുവാൻ അധികാരമുള്ള (പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ) വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകുന്ന, അപേക്ഷകന്റെയോ അപേക്ഷകന്റെ അച്ഛന്റെയോ അമ്മയുടെയോ (എങ്കിൽ അപേക്ഷകനും അച്ഛൻ/അമ്മയും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള തെളിവും) കേരളത്തിലെ ജന്മസ്ഥലം കാണിക്കുന്ന ജനന സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

v. അപേക്ഷകനോ അപേക്ഷകന്റെ അച്ഛനോ അമ്മയോ കേരളത്തിലാണ് ജനിച്ചതെന്ന കാണിക്കുന്ന വില്ലേജ് ആഫീസർ/തഹസീൽദാർ നൽകുന്ന സർട്ടിഫിക്കറ്റ്. സർട്ടിഫിക്കറ്റിന്റെ മാതൃക പ്രോസ്പെക്ടസ് അനുബന്ധം XXXV ൽ നൽകിയിരിക്കുന്നു.

അല്ലെങ്കിൽ

vi. കേരളീയരല്ലാത്ത കേരള കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുട്ടികളെ കേരളീയരായി പരിഗണിക്കുന്നതിന് രക്ഷിതാവ് കേരള കേഡറിൽ ജോലി ചെയ്യുന്ന AIS ഉദ്യോഗസ്ഥാണെന്ന് സാക്ഷ്യപ്പെടുത്തുന്ന സർക്കാർ/അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. (സർട്ടിഫിക്കറ്റിന്റെ മാതൃക പ്രോസ്പെക്ടസ് അനുബന്ധം XXXV(a) കാണുക.

B. **കേരളീയേതരൻ ഒന്നാം വിഭാഗം (NK-I)** : കേരളത്തിൽ ജനിച്ചതല്ലെങ്കിലും താഴെപ്പറയുന്ന വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്ന് പാലിക്കുന്നുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികളെ കേരളീയേതരൻ ഒന്നാം വിഭാഗം (NK-I) ആയി കണക്കാക്കുന്നതാണ്.

a. കേരളത്തിൽ ജോലിക്ക് നിയോഗിക്കപ്പെട്ട ഇന്ത്യാ ഗവൺമെന്റ് ജീവനക്കാരുടെയും പ്രതിരോധ വകുപ്പ് ജീവനക്കാരുടെയും മക്കൾ, അവർ യോഗ്യതാ പരീക്ഷ കേരളത്തിൽ പഠിച്ചവരായിരിക്കണം.

b. കേരളത്തിലോ അല്ലെങ്കിൽ കേരള സംസ്ഥാനത്തിനു വേണ്ടിയോ കുറഞ്ഞത് രണ്ടു വർഷമെങ്കിലും സേവനമനുഷ്ഠിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി കേരള സർക്കാരിനു കീഴിൽ ജോലി നോക്കുന്ന കേരളീയരല്ലാത്ത മാതാപിതാക്കളുടെ മക്കൾ, അവർ യോഗ്യതാ പരീക്ഷ കേരളത്തിൽ പഠിച്ചവരായിരിക്കണം.

c. പന്ത്രണ്ട് വർഷത്തെ പഠനകാലയളവിൽ അഞ്ച് വർഷക്കാലം കേരളത്തിൽ താമസിച്ചിട്ടുള്ള കേരളീയരല്ലാത്ത അപേക്ഷകർ.

d. കേരളത്തിലെ സ്കൂളുകളിൽ VIII മുതൽ XII വരെ ക്ലാസുകളിൽ പഠിച്ചിട്ടുള്ള കേരളീയരല്ലാത്ത അപേക്ഷകർ.

ഒരു അപേക്ഷകൻ കേരളീയേതരൻ ഒന്നാം വിഭാഗത്തിൽപ്പെടുത്തി പ്രവേശനത്തിനായി പരിഗണിക്കുന്നതിന് താഴെപ്പറയുന്ന ഏതെങ്കിലും രേഖ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

i. അപേക്ഷകന്റെ രക്ഷകർത്താവ് കേരളീയനല്ലെങ്കിലും കേരള സർക്കാരിന് വേണ്ടി കേരളത്തിലോ കേരളത്തിന് പുറത്തോ, ഭാരത സർക്കാരിന് വേണ്ടി കേരളത്തിലോ ജോലി ചെയ്യുന്നു എന്ന് കാണിക്കുന്ന തൊഴിൽ ദാതാവ്/വകുപ്പ് തലവൻ നൽകുന്ന സർട്ടിഫിക്കറ്റും, അപേക്ഷകൻ കേരളത്തിലെ ഏതെങ്കിലും സ്കൂളിൽ XI, XII ക്ലാസുകളിൽ പഠിക്കുന്നുവെന്ന് കാണിക്കുന്ന സ്കൂൾ മേധാവിയുടെ സർട്ടിഫിക്കറ്റും. (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം XXXVI** കാണുക).

ii. പന്ത്രണ്ട് വർഷത്തെ പഠന കാലയളവിൽ അഞ്ച് വർഷക്കാലം അപേക്ഷകൻ കേരളത്തിൽ താമസക്കാരനായിരുന്നുവെന്ന് കാണിക്കുന്ന വില്ലേജ് ഓഫീസർ/തഹസിൽദാരുടെ

സർട്ടിഫിക്കറ്റ്(സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം XXXVII കാണുക**).

iii. കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസം നടത്തിയിട്ടുള്ള അപേക്ഷകരെ സംബന്ധിച്ചിടത്തോളം അപേക്ഷകൻ VIII മുതൽ XII വരെ ക്ലാസ്സുകളിൽ കേരളത്തിലെ സ്കൂളുകളിലാണ് പഠിച്ചതെന്ന് തെളിയിക്കുന്ന കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മേലധികാരിയുടെ സർട്ടിഫിക്കറ്റ് (സ്കൂൾ വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് സംബന്ധിച്ച വിവരങ്ങൾക്ക് അനുബന്ധം XII കാണുക. സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർ XXXVIII കാണുക).

കേരളീയേതരൻ ഒന്നാം വിഭാഗം അപേക്ഷകരെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ **'സ്റ്റേറ്റ് മെരിറ്റ്'** സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതാണ്. സാമുദായിക/പ്രത്യേക/ ഭിന്നശേഷി വിഭാഗ സംവരണത്തിനോ, ഫീസ് ആനുകൂല്യങ്ങൾക്കോ ഇവർക്ക് അർഹതയില്ല.

C. **<u>കേരളീയേതരൻ രണ്ടാം വിഭാഗം (NK II)</u>:** കേരളീയൻ, കേരളീയേതരൻ ഒന്നാം വിഭാഗം എന്നീ വിഭാഗങ്ങളിൽപ്പെടാത്ത അപേക്ഷകരെ കേരളീയേതരൻ രണ്ടാം വിഭാഗമായി പരിഗണിക്കുന്നതാണ്. ഇത്തരം അപേക്ഷകർക്ക് സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലെ എല്ലാ സീറ്റുകളിലേയ്ക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ രണ്ടാം ഘട്ട അല്ലോട്മെന്റിനു ശേഷം, സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനത്തിന് കേരളീയൻ, കേരളീയേതരൻ ഒന്നാം വിഭാഗം എന്നിവയിൽപ്പെട്ട വിദ്യാർത്ഥികളുടെ അഭാവത്തിൽ മാത്രമേ കേരളീയേതരൻ രണ്ടാം വിഭാഗത്തെ പരിഗണിക്കുകയുള്ളൂ. കൂടാതെ കേരളീയേതരൻ രണ്ടാം വിഭാഗം അപേക്ഷകർക്കു സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/സിദ്ധ/യുനാനി കോളേജുകളിലെ ഗവൺമെന്റ് സീറ്റുകളിലേയ്ക്കും മാനേജ്മെന്റ് സീറ്റുകളിലേക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ സ്വാശ്രയ സിദ്ധ/യുനാനി കോളേജിലെ സിദ്ധ/യുനാനി കോഴ്സിന് കേരളീയൻ/കേരളീയേതരൻ ഒന്നാം വിഭാഗം എന്നിവയിൽപ്പെട്ട വിദ്യാർത്ഥികളുടെ അഭാവത്തിൽ മാത്രമേ കേരളീയേതരൻ രണ്ടാം വിഭാഗത്തെ പരിഗണിക്കുകയുള്ളൂ. പ്രോസ്പെക്ടസ് **ക്ലോസ് 6.2, 6.3** - ൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ള കേരളീയേതരൻ രണ്ടാം വിഭാഗം വിദ്യാർത്ഥികൾക്ക് സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിലെ പരമാവധി 10 % സീറ്റുകളിൽ പ്രവേശനത്തിന് അർഹരാണ്. കേരളീയേതരൻ രണ്ടാം വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജുകളിലെ മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകൾ/ഫാർമസി/ആർക്കിടെക്ചർ/എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്, ബി.എ.എം.എസ്, ബി.എസ്.എം.എസ്, ബി.യു.എം.എസ് കോഴ്സിന്റെ 15 % അഖിലേന്ത്യാക്വാട്ട സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തുന്ന NEET-UG-2026 ന്റെ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം വാസസ്ഥലം (domicile) പരിഗണിക്കാതെയായിരിക്കും. കേരളീയേതരൻ രണ്ടാം വിഭാഗം വിദ്യാർത്ഥികൾ സാമുദായിക/പ്രത്യേക/ഭിന്നശേഷി വിഭാഗ സംവരണത്തിനോ, ഫീസ് ആനുകൂല്യങ്ങൾക്കോ അർഹരല്ല.

കേരളീയതരൻ രണ്ടാം വിഭാഗത്തിൽ ഉൾപ്പെടുന്നതിനായി അപേക്ഷകൻ നിശ്ചിത ഫോർമാറ്റിൽ (പ്രോസ്പെക്ടസ് **അനക്സർ XXXIX**-ൽ നൽകിയിരിക്കുന്ന) യോഗ്യതാ പരീക്ഷ പൂർത്തിയായതിന്റെ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഇന്ത്യൻ പൗരനാണെന്ന് തെളിയിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റ് നൽകുന്ന പാസ്സ്പോർട്ട് അപേക്ഷയോടൊപ്പം ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**II .<u>വിദ്യാഭ്യാസ യോഗ്യത:</u>**

**a.<u>മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ</u>:**

i. **MBBS, BDS എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന്** കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ, ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനം മാർക്കും ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നിവയ്ക്ക് ഓരോന്നിനും പ്രത്യേക മിനിമം പാസ് മാർക്കും നേടിയിരിക്കണം.

ii. **BAMS, BHMS എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന്** ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നി വിഷയങ്ങൾ പഠിച്ച കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ജയിച്ചിരിക്കണം .എന്നാൽ BHMS കോഴ്സിനു ബയോളജി, ബയോടെക്നോളജി എന്നി വിഷയങ്ങൾ മുഖ്യ വിഷയമായി പഠിക്കാത്തവരെ പരിഗണിക്കില്ല .

iii. **BSMS കോഴ്സിലേക്കുള്ള പ്രവേശനത്തിന്** ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നി വിഷയങ്ങൾ പഠിച്ച കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ജയിച്ചിരിക്കണം. കൂടാതെ വിദ്യാർത്ഥി പത്താം ക്ലാസ്സിൽ/പന്ത്രണ്ടാം ക്ലാസ്സിൽ തമിഴ് ഒരു വിഷയമായി പഠിച്ച് ജയിച്ചിരിക്കണം. അല്ലെങ്കിൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സിൽ പ്രവേശനം ലഭിച്ച് ആദ്യ വർഷത്തിനുള്ളിൽ തമിഴ് ലാംഗ്വേജ് കോഴ്സ് ജയിച്ചിരിക്കണം.

iv. **B U M S കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന്** ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നി വിഷയങ്ങൾ പഠിച്ച കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ജയിച്ചിരിക്കണം. കൂടാതെ(a) വിദ്യാർത്ഥി പത്താം ക്ലാസ്സിലോ പന്ത്രണ്ടാം ക്ലാസിലോ ഉറുദു, അറബിക്, പേർഷ്യൻ എന്നിവയിലേതെങ്കിലും ഒരു വിഷയമായി പഠിച്ച് ജയിച്ചവരോ അല്ലെങ്കിൽ സർക്കാർ അംഗീകൃത സൊസൈറ്റി/ബോർഡ്/യൂണിവേഴ്സിറ്റി നടത്തുന്ന ഉറുദു പ്രവേശന പരീക്ഷ ജയിച്ചവരോ ആയിരിക്കണം. 10, 12 ക്ലാസുകളിൽ ഉറുദ്ദു/അറബിക്/പേർഷ്യൻ എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് ജയിക്കാത്ത അപേക്ഷകർ പ്രൊഫഷണൽ ഡിഗ്രി കോഴ്സിൽ പ്രവേശനം ലഭിച്ച് ആദ്യ സെഷനുള്ളിൽ Arabic and MantiqWaFalsafa (Logic and Philosophy) വിഷയത്തിനൊപ്പം ഉറുദു ഭാഷ കൂടി പഠിക്കേണ്ടതാണ്.

v. **അഗ്രിക്കൾച്ചർ, ഫിഷറീസ് കോഴ്സുകളിലേക്കുള്ള** (B.Sc(Hons) Agriculture, B.Sc(Hons) Forestry, B.Sc(Hons) Co-operation & Banking, B.Tech Biotechnology (under KAU), BFSc

പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തത്തിൽ 5 0 ശതമാനം മാർക്ക് നേടി ജയിച്ചവർ അർഹരാണ്.

vi. B.Sc(Hons) Climate Change & Environmental Science **പ്രവേശനത്തിന്** കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തത്തിൽ 50 ശതമാനം മാർക്ക് നേടി ജയിച്ചവർ അർഹരാണ്. കൂടാതെ ഹയർ സെക്കന്ററി തലത്തിൽ മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കേണ്ടതാണ്.

vii. BVSc&AH **കോഴ്സ് പ്രവേശനത്തിന് അപേക്ഷകർ** യോഗ്യതാ പരീക്ഷയിൽ കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ, ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തത്തിൽ 50 ശതമാനം മാർക്ക് നേടി ജയിച്ചവർ അർഹരാണ്.

| |
|---|
| പ്രോസ്പെക്ടസ് ക്ലോസ് 9.7.5 (ii)&(iii) പ്രകാരമുള്ള NEET-UG 2026 യോഗ്യതയും പ്രോസ്പെക്ടസ് ക്ലോസ് 6 . 1 പ്രകാരമുള്ള നേറ്റിവിറ്റി വ്യവസ്ഥകൾ പാലിക്കുന്നതുമായ വിദ്യാർത്ഥികളെ മാത്രമേ മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. |

b. **എഞ്ചിനീയറിംഗ് കോഴ്സുകൾ**:-

ബി.ടെക് കോഴ്സുകൾ, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക് (അഗ്രി.എഞ്ചിനീയറിംഗ്), ബി.ടെക് (ഫുഡ് ടെക്നോളജി), കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക് (ഡയറി ടെക്നോളജി), ബി.ടെക് (ഫുഡ് ടെക്നോളജി), കേരള യൂണിവേഴ്സിറ്റി ഫോർ ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിന്റെ കീഴിലുള്ള ബി.ടെക് (ഫുഡ്ടെക്നോളജി) കോഴ്സുകൾ.

കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ, ഫിസിക്സ്, മാത്തമാറ്റിക്സ് എന്നിവ നിർബന്ധിത വിഷയങ്ങളായും, കെമിസ്ട്രി ഒരു ഓപ്ഷണൽ വിഷയമായും പഠിച്ച് ഈ വിഷയങ്ങൾക്ക് മൊത്തത്തിൽ 45% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശനത്തിന് അർഹരാണ്. കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവരുടെ കമ്പ്യൂട്ടർ സയൻസിന്റേയും, കെമിസ്ട്രിയും കമ്പ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവരുടെ ബയോ ടെക്നോളജിയുടെയും, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവരുടെ ബയോളജിയുടെയും മാർക്ക് പരിഗണിക്കുന്നതാണ്. ബന്ധപ്പെട്ട ഹയർസെക്കന്ററി ബോർഡുകൾ/പരീക്ഷാ ബോർഡുകൾ നൽകുന്ന മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള മാർക്കായിരിക്കും അക്കാദമിക യോഗ്യതയ്ക്കായി പരിഗണിക്കുന്നത്.

**കുറിപ്പ്-**

( i ) രണ്ടു വർഷത്തെ കേരള ഹയർ സെക്കന്ററി കോഴ്സ് അല്ലെങ്കിൽ തത്തുല്യമെന്ന് അംഗീകരിച്ചിട്ടുള്ള മറ്റു രണ്ട് വർഷ കോഴ്സുകൾ എന്നിവയിൽ അതത് വിഷയങ്ങളിൽ ഓരോന്നിനും രണ്ടു വർഷത്തിനും കൂടി ഹയർ സെക്കന്ററി ബോർഡ് നൽകിയിട്ടുള്ള മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ മാർക്കുകൾ ആയിരിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്ക് വേണ്ടി പരിഗണിക്കുന്നത്.

(ii) അവസാന വർഷം (പന്ത്രണ്ടാം ക്ലാസ്) മാത്രം ബോർഡ് പരീക്ഷ നടത്തുന്ന ഹയർസെക്കന്ററി കോഴ്സുകളിൽ അതത് വിഷയത്തിന് ഹയർ സെക്കന്ററി ബോർഡുകൾ നൽകുന്ന മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള മാർക്കുകൾ ആയിരിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കായി പരിഗണിക്കുന്നത്.

(iii) മറ്റെല്ലാത്തരം ഹയർ സെക്കന്ററി കോഴ്സുകൾക്കും അതത് പരീക്ഷാ ബോർഡുകൾ നൽകുന്ന മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അതത് വിഷയങ്ങളുടെ മാർക്കുകൾ വിദ്യാഭ്യാസ യോഗ്യതയായി പരിഗണിക്കും.

(iv) കേരള വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷ, കേരളത്തിലെ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് തുല്യമാണെന്ന് അംഗീകരിച്ചിട്ടുണ്ട്.

( v ) ഇന്ത്യാ ഗവൺമെന്റ്/റസിപ്രോക്കൽ ക്വാട്ട നോമിനി സീറ്റുകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് പ്രോസ്പെക്ടസ് ക്ലോസ് 6.2.2 പ്രകാരമുള്ള നിശ്ചിത അക്കാദമിക യോഗ്യത ഉണ്ടായിരിക്കണം.

c. **ആർക്കിടെക്ചർ കോഴ്സ്**:

i. കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവ നിർബന്ധിത വിഷയങ്ങളായി പഠിച്ച് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് മൊത്തത്തിൽ 50 % മാർക്ക് നേടി 10+2 സ്കീമിലുള്ള പരീക്ഷ വിജയിക്കുകയോ അഥവാ 10+3 സ്കീമിലുള്ള ഡിപ്ലോമ പരീക്ഷയിൽ കണക്ക് നിർബന്ധിത വിഷയമായെടുത്ത് മൊത്തത്തിൽ 50% മാർക്ക് നേടി വിജയിക്കുകയോ ചെയ്തവർ ആർക്കിടെക്ചർ കോഴ്സിന് അപേക്ഷിക്കാൻ അർഹരാണ്.

ii. മുകളിൽ പറയുന്ന നിബന്ധനയ്ക്ക് പുറമേ അപേക്ഷാർത്ഥികൾ NATA 2025 അല്ലെങ്കിൽ 2026 (നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ) ൽ കൗൺസിൽ ഓഫ് ആർക്കിടെക്ചർ നിബന്ധന പ്രകാരമുള്ള നിശ്ചിത യോഗ്യത നേടിയിരിക്കണം. 11.03.2008 – ലെ കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ Lr.No.CA/5/Academic – NATA എന്ന കത്ത് പ്രകാരം സാമുദായിക സംവരണത്തിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് NATA യോഗ്യതാ മാനദണ്ഡത്തിൽ ഇളവുണ്ടായിരിക്കുന്നതല്ല. വിദ്യാർ ത്ഥികൾ 30.06.2026 ന് മുമ്പായി NATA യോഗ്യത നേടിയിരിക്കേണ്ടതാണ്. (കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ മാർഗ്ഗനിർദേശങ്ങൾക്കു വിധേയമായിരിക്കും)

iii. അഞ്ച് വർഷം ദൈർഘ്യമുള്ള ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് രണ്ടാം വർഷമോ മറ്റോ ലാറ്ററൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

d. **ബി.ഫാം കോഴ്സ്**

കേരള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കണ്ടറി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഇംഗ്ലീഷ് ഒരു വിഷയമായും ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്/ ബയോളജി എന്നിവ ഓപ്ഷണൽ വിഷയങ്ങളായും പഠിച്ച് ജയിച്ചവർ അർഹരാണ്.

**III.യോഗ്യതാ പരീക്ഷയിലെ മാർക്കുകളിൽ ഇളവ്:**

1. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകൾക്ക് എസ്.സി/എസ്.റ്റി/എസ്.ഇ.ബി.സി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് യോഗ്യത പരീക്ഷയിൽ ഫിസിക്സ് കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നിവയ്ക്ക് മൊത്തത്തിൽ 40% മാർക്ക് മതിയാകും. ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് യോഗ്യത പരീക്ഷയിൽ ഫിസിക്സ് കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നിവയ്ക്ക് മൊത്തത്തിൽ 40% മാർക്ക് മതിയാകും.
2. ബി.എ.എം.എസ്/ ബി.എച്ച്.എം.എസ്/ ബി.എസ്.എം.എസ്/ ബി.യു.എം.എസ് കോഴ്സുകൾക്ക് എസ്.സി/ എസ്.റ്റി /എസ്.ഇ.ബി.സി, ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ യോഗ്യത പരീക്ഷയിൽ ഫിസിക്സ് കെമിസ്ട്രി, ബയോളജി എന്നിവ പഠിച്ച ജയിച്ചാൽ മതിയാകും. (കൂടുതൽ വിവരങ്ങൾക്ക് പ്രോസ്പെക്ടസ് വ്യവസ്ഥ 6.2.1 (ii,iii & iv) കാണുക)
3. അഗ്രികൾച്ചർ (B.Sc(Hons.) Agri.), ഫോറസ്ട്രി (B.Sc.(Hons.)Forestry),B.Sc (Hons.) Co-operation & Banking, B.Sc (Hons.) Climate Change & Environmental Science, B.Tech Biotechnology (under KAU), ഫിഷറീസ് (BFSc) കോഴ്സുകൾക്ക് എസ്.ഇ.ബി.സി / ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് വേണ്ട മിനിമം യോഗ്യതയിൽ 5 % ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ എസ്.സി/എസ്.റ്റി വിഭാഗം വിദ്യാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ മിനിമം പാസ് മാർക്ക് മതിയാകും.
4. ബി.വി.എസ്.സി&എ.എച്ച് കോഴ്സിന് : എസ്.സി/എസ്.റ്റി/എസ്.ഇ.ബി.സി/ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് പ്രവേശനത്തിന് 47.5 % മാർക്ക് മതിയാകും.
5. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്: എസ്.സി/ എസ്.റ്റി/ എസ്.ഇ.ബി.സി/ ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, മാത്തമാറ്റിക്സ്, കെമിസ്ട്രി/കംപ്യൂട്ടർ സയൻസ്/ബയോടെക്നോളജി/ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 40% മാർക്ക് മതിയാകും.

**കുറിപ്പ്**: ഒ.ഇ.സി അപേക്ഷകർക്ക് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകൾ നൽകിയാലും യോഗ്യതാ പരീക്ഷയിൽ എസ്.ഇ.ബി.സി അപേക്ഷകർക്ക് അനുവദിക്കുന്ന ഇളവുകൾ മാത്രമേ ലഭ്യമാകുകയുള്ളൂ.

**4.വയസ്സ്:** അപേക്ഷകന് 31.12.2026-ൽ 17 (പതിനേഴ്) വയസ്സ് പൂർത്തിയായിരിക്കണം. കുറഞ്ഞ പ്രായപരിധിയിൽ ഇളവ് ഇല്ല. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ബി.ഫാം/ബി.എ.എം.എസ്/ബി.എസ്.എം.എസ്/ബി.എച്ച്.എം.എസ്/ബി.യു.എം.എസ് കോഴ്സുകൾക്ക് ഉയർന്ന പ്രായപരിധി ഇല്ല. എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലെ ഉയർന്ന പ്രായപരിധി NEET-UG 2026 ഇൻഫർമേഷൻ ബുള്ളറ്റിനിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കും. മറ്റ് മെഡിക്കൽ അനുബന്ധ

കോഴ്സുകളിലേയ്ക്കുള്ള പ്രായപരിധി ബന്ധപ്പെട്ട കേന്ദ്ര കൗൺസിലുകൾ നിശ്ചയിക്കുന്നത് പ്രകാരം ആയിരിക്കും. അപേക്ഷകന്റെ ജനന തീയതി തെളിയിക്കുന്ന രേഖ അപേക്ഷയോടൊപ്പം ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**5.എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷാ തീയതിയും സമയവും:** കേരളത്തിലെ വിവിധ ജില്ലകൾ, ന്യൂഡൽഹി, മുംബൈ, ചെന്നൈ, ബംഗളൂരു, യു.എ.ഇ എന്നിവിടങ്ങളിൽ വച്ച് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം (I S T ) അനുസരിച്ച് എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ നടത്തുന്നതായിരിക്കും.

| | |
|---|---|
| 13.04.2026 (monday) | Buffer day |
| 16.04.2026 (Thursday) | Buffer day |
| 17.04.2026 (Friday) | 2:00 PM to 5:00 PM |
| 18.04.2026 (Saturday) | 2:00 PM to 5:00 PM |
| 19.04.2026 (Sunday) | 2:00 PM to 5:00 PM |
| 20.04.2026 (Monday) | 2:00 PM to 5:00 PM |
| 21.04.2026 (Tuesday) | 2:00 PM to 5:00 PM |
| 22.04.2026 (Wednesday) | 2:00 PM to 5:00 PM |
| 23.04.2026 (Thursday) | 2:00 PM to 5:00 PM |
| 24.04.2026 (Friday) | Buffer day |
| 25.04.2026 (Saturday) | Buffer day |

എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ നിർബന്ധമായും ഏതെങ്കിലും ഒരു പരീക്ഷാ കേന്ദ്രം തെരഞ്ഞെടുക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രം മാറ്റുന്നതിനുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**6. അപേക്ഷാ ഫീസ് :**

| | Course(s) opted | General (others except SC/ST) | SC | ST |
|---|---|---|---|---|
| (a) | Engineering | 925 | 400 | Nil |
| (b) | B.Pharm | 925 | 400 | Nil |
| (c) | Architecture | 650 | 260 | Nil |
| (d) | Medical &Allied | 650 | 260 | Nil |

a. ഓൺലൈൻ പേയ്മെന്റായി അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്(വെബ്സൈറ്റിലെ നിർദ്ദേശങ്ങൾ കാണുക)
b. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ കേന്ദ്രമായി **യു.എ.ഇ** തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അപേക്ഷകർ, അപേക്ഷാ ഫീസിനു പുറമേ അധിക ഫീസായി **16,000**/- രൂപ കൂടി ഒടുക്കേണ്ടതാണ്.

ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം അനുസരിച്ചായിരിക്കും പരീക്ഷാ സമയം ക്രമീകരിച്ചിട്ടുള്ളത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

<u>കുറിപ്പ്</u> : ഒടുക്കിയ അപേക്ഷാ ഫീസ് /അധിക ഫീസ് ഒരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.

7. **<u>ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ</u>**:

(i) **എസ്.എസ്.എൽ.സി** അല്ലെങ്കിൽ തത്തുല്ല്യ സർട്ടിഫിക്കറ്റ്

(ii) **<u>നേറ്റിവിറ്റി, ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖകൾ</u>**: അപേക്ഷ സമർപ്പിക്കുന്ന എല്ലാ വിദ്യാർത്ഥികളും നേറ്റിവിറ്റി, ജനന തീയതി എന്നിവ തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട രേഖകൾ ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്ല്യ സർട്ടിഫിക്കറ്റിൽ ജനന തീയതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ജനന തീയതി തെളിയിക്കുന്നതിനായി വേറെ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതില്ല. (പ്രോസ്പെക്ടസ് ക്ലോസ് 6.1, 6.3 കാണുക) OCI/PIO Card holders, ആയതു തെളിയിക്കുന്നതിനാവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(iii) **<u>സാമുദായിക സംവരണം/പ്രത്യേക സംവരണം മറ്റ് ആനുകൂല്യങ്ങൾ എന്നിവ ആവശ്യമുള്ളവർ</u>** (പ്രോസ്പെക്ടസ് ക്ലോസ് 5 .2 മുതൽ 5.7 കാണുക)

a. സാമൂഹികമായും, വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളും (എസ്.ഇ.ബി.സി), മറ്റർഹ സമുദായത്തിൽപ്പെട്ട (ഒ.ഇ.സി) വിദ്യാർത്ഥികളും കേരള സർക്കാർ പഠനാവശ്യങ്ങൾക്കായി നൽകുന്ന നിശ്ചിത മാതൃകയിലുള്ള നോൺക്രിമിലെയർ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്നും വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം XXVIII** കാണുക.) നോൺ ക്രിമിലെയർ വിഭാഗത്തിൽ ഉൾപ്പെടാത്ത ഒ.ഇ.സി അപേക്ഷകർ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുവേണ്ടി വില്ലേജ് ഓഫീസർ നൽകുന്ന സമുദായ സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ് (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം XXXIII** കാണുക). അപേക്ഷകന്റെ എസ്.എസ്.എൽ.സി/ വിദ്യാഭ്യാസ രേഖയിൽ ജാതി / സമുദായം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വില്ലേജ് ഓഫീസർ നൽകുന്ന സമുദായ സർട്ടിഫിക്കറ്റിന് പകരമായി പരിഗണിക്കുന്നതാണ്.

b. എസ്.സി/എസ്.ടി വിഭാഗക്കാർ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാറിൽ നിന്നും വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം XXIX** കാണുക.) മിശ്ര വിവാഹിതരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ എസ്.സി/എസ്.ടി സംവരണാനുകൂല്യത്തിനായി മേല്പറഞ്ഞ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം തഹസിൽദാറിൽ നിന്നും ലഭിക്കുന്ന മിശ്ര വിവാഹ സർട്ടിഫിക്കറ്റും, (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം XV** കാണുക.) മകളുടെ/മകന്റെ (അപേക്ഷകൻ) ഒന്നാം ക്ലാസ് അഡ്മിഷൻ രജിസ്റ്ററിന്റെ Extract, SSLC യുടെ ബന്ധപ്പെട്ട പേജും ഓൺലൈൻ അപേക്ഷയോടൊപ്പം

അപ്‌ലോഡ് ചെയ്യേണ്ടതാണ്.അപേക്ഷകൻ മറ്റ് ബോർഡുകളിൽ (ICSE, CBSE, മുതലായവ) പഠനം പൂർത്തിയാക്കിയവരാണെങ്കിൽ മാതാപിതാക്കളുടെ SSLCയുടെ ബന്ധപ്പെട്ട പേജ് ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. കൂടാതെ 1950 ന് മുമ്പ് കേരളത്തിലേയ്ക്ക് കുടിയേറിയവരുടെ മക്കളാണ് അപേക്ഷകരെങ്കിൽ കുടിയേറ്റം തെളിയിക്കുന്നതിനാവശ്യമായ രേഖകളും ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. ക്രിസ്തു മതത്തിൽ നിന്നും ഹിന്ദുമതത്തിലേയ്ക്ക് പുന:പരിവർത്തനം ചെയ്തിട്ടുള്ള മുമ്പ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടിരുന്നവർ തഹസിൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റിനൊപ്പം മതപരിവർത്തനത്തിന്റെ ഗസറ്റ് വിജ്ഞാപനവും SUDHI സർട്ടിഫിക്കറ്റും അപേക്ഷകന്റെയും മാതാപിതാക്കളുടെയും വിദ്യാഭ്യാസ രേഖയുടെ പ്രസക്തമായ പേജും ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

c. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്കായി (EWS) മാറ്റിവയ്ക്കപ്പെട്ട സീറ്റിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം** XXVI (a) & (b) കാണുക)

d. പ്രോസ്പെക്ടസ് **അനുബന്ധം** X(a) - ൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സമുദായ സർട്ടിഫിക്കറ്റും (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം** XXXIII കാണുക.) വരുമാന സർട്ടിഫിക്കറ്റും (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം** XXXI കാണുക.) ബന്ധപ്പെട്ട വില്ലേജ്ഓഫീസറിൽ നിന്നും വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകന്റെ എസ്.എസ്.എൽ.സി/ വിദ്യാഭ്യാസ രേഖയിൽ സമുദായം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വില്ലേജ് ഓഫീസർ നൽകുന്ന സമുദായ സർട്ടിഫിക്കറ്റിന് പകരമായി പരിഗണിക്കുന്നതാണ്. എന്നാൽ സംവരണാനുകൂല്യങ്ങൾക്കായി നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളവർ ഫീസാനുകൂല്യങ്ങൾക്കായി വരുമാന സർട്ടിഫിക്കറ്റ് കൂടി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

e. മിശ്രവിവാഹിതരുടെ മക്കൾക്ക് എസ്.ഇ.ബി.സി സംവരണം ആവശ്യമുള്ള പക്ഷം അവർ വില്ലേജ് ഓഫീസിൽ നിന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം** XXVII കാണുക) വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ മിശ്രവിവാഹിതരിൽ ഒരാൾ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന ഫീസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് തഹസിൽദാർ നൽകുന്ന മിശ്ര വിവാഹ സർട്ടിഫിക്കറ്റ് വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.(സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം** XV കാണുക.)

f. പ്രോസ്പെക്ടസ് ക്ലോസ് 5 . 2 പ്രകാരം ഏതെങ്കിലും പ്രത്യേക സംവരണത്തിന് അർഹരായിട്ടുള്ളവർ ആവശ്യമായ രേഖകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 5. 2 കാണുക)

g. എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗക്കാർ ഒഴികെയുള്ള മറ്റ് വിഭാഗക്കാർ (ജനറൽ കാറ്റഗറി

ഉൾപ്പെടെ) കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസാനുകൂല്യങ്ങൾ/ സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനായി വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.(സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം** XXXI കാണുക.)

h. എൻ.ആർ.ഐ. ക്വാട്ട പ്രവേശനത്തിന് അപേക്ഷകൻ/അപേക്ഷക വിദേശത്ത് ജോലി ചെയ്യുന്ന അച്ഛൻ/അമ്മ/സഹോദരൻ അല്ലെങ്കിൽ സഹോദരി (മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ/മകൾ ഉൾപ്പെടെ)/ഭർത്താവ്/ഭാര്യ/അച്ഛന്റെയോ അമ്മയുടെയോ സഹോദരീ സഹോദരൻമാർ (അച്ഛന്റെയോ അമ്മയുടെയോ മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ/മകൾ ഉൾപ്പെടെ)/അർദ്ധ സഹോദരൻ/ അർദ്ധ സഹോദരി/ദത്തെടുത്ത അച്ഛൻ അല്ലെങ്കിൽ ദത്തെടുത്ത അമ്മയുടെ ആശ്രിതരായിരിക്കണം. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

1. സ്പോൺസറുടെ പാസ്പോർട്ടിന്റെ കോപ്പി, വിസ/ ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI) ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. പ്രസ്തുത രേഖയിൽ സ്പോൺസറുടെ ജോലി സംബന്ധിച്ച വിവരം വ്യക്തമാക്കിയിരിക്കണം. അപേക്ഷ സമർപ്പണം അവസാനിക്കുന്ന തീയതി വരെ വിസയ്ക്ക് കാലാവധി ഉണ്ടായിരിക്കണം.
2. പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI) എന്നിവയിൽ തൊഴിൽ രേഖപ്പെടുത്താത്ത പക്ഷം എംബസി/കോൺസുലേറ്റ് സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
3. സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം). (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം** XXX കാണുക.). സ്പോൺസർ, അപേക്ഷകന്റെ അച്ഛനോ അമ്മയോ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും. (06.08.2014 - ലെ ജി.ഒ (എം.എസ്) നം.243/14/ആ.കു.വ)
4. വിദ്യാർത്ഥി സ്പോൺസറുടെ ആശ്രിതനാണെന്നും വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് ഉൾപ്പെടെ മുഴുവൻ തുകയും കോഴ്സ് കാലാവധിയിലുടനീളം) വഹിക്കാമെന്നുള്ള സ്പോൺസറുടെ സമ്മതപത്രം 200/- രൂപയുടെ മുദ്രപ്പത്രത്തിൽ തയ്യാറാക്കി ഒരു നോട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം. (സമ്മതപത്രത്തിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം** XL കാണുക.)
5. സ്പോൺസർ വിദേശത്താണെങ്കിൽ വിദ്യാർത്ഥി സ്പോൺസറുടെ ആശ്രിതനാണെന്നും വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്,സ്പെഷ്യൽ ഫീസ് ഉൾപ്പെടെ മുഴുവൻ തുകയും കോഴ്സ് കാലാവധിയിലുടനീളം) വഹിക്കാമെന്നുള്ള സ്പോൺസറുടെ സമ്മതപത്രം, സ്പോൺസർ ജോലിനോക്കുന്ന രാജ്യത്തിൽ നിലനിൽക്കുന്ന നിയമങ്ങൾക്ക് വിധേയമായി നോട്ടറിയോ/ കോൺസുലേറ്റോ/എംബസിയോ സാക്ഷ്യപ്പെടുത്തിയിരിക്കണം. (സമ്മതപത്രത്തിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം** XL കാണുക)

**സാധുവായ വിസയുടെ അഭാവത്തിൽ ചുവടെ ചേർക്കുന്ന രേഖകൾ പരിഗണിക്കുന്നതാണ്.**

വിസ കാലാവധി (Visa Validity) സൂചിപ്പിക്കുന്ന സിവിൽ ഐഡി (Civil ID), റെസിഡന്റ് പെർമിറ്റ് (Resident Permit), റെസിഡന്റ് ഐഡി (Resident ID), ഇക്കാമ (IQAMA), ഇലക്ട്രോണിക് വിസ (Electronic Visa), എംപ്ലോയ്മെന്റ് പാസ് (Employment Pass) അല്ലെങ്കിൽ എൻട്രി വിസ (Entry Visa) എന്നീ രേഖകൾ ഇതിനായി പരിഗണിക്കും.

കൂടാതെ, വിസ കാലാവധി വ്യക്തമാക്കുന്നതും എംബസി അല്ലെങ്കിൽ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ സാക്ഷ്യപ്പെടുത്തിയതുമായ രേഖകളും സ്വീകാര്യമാണ്.

സ്പോൺസറുടെ വിസയിലെ തൊഴിൽ പദവി (Employment Status) 'വീട്ടമ്മ' (Housewife) എന്നോ 'വിദ്യാർത്ഥി' (Student) എന്നോ ആണെങ്കിൽ, കൃത്യമായി സാക്ഷ്യപ്പെടുത്തിയ (Attested) തൊഴിൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ അത് സാധുവായ രേഖയായി പരിഗണിക്കുകയുള്ളൂ.

**<u>കുറിപ്പ്</u>** : 13.10.2020 ലെ ബഹു.സുപ്രീം കോടതിയുടെ WP(c)No.380/2019 ഉത്തരവ് പ്രകാരം, എൻ.ആർ.ഐ ക്വാട്ടാ സീറ്റുകൾ നികത്താനാവാതെ അവശേഷിക്കുകയും ജനന സ്ഥലം തെളിയിക്കാൻ ആവശ്യമായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത സീറ്റുകൾ നഷ്ടമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ജനനസ്ഥലം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഇല്ലാതെ തന്നെ വിദ്യാർത്ഥികളെ പ്രസ്തുത സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.

i, കേരളത്തിലെ ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ കോളേജുകളിലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിൽ ന്യൂനപക്ഷ സമുദായ ക്വാട്ട (ക്രിസ്ത്യൻ/മുസ്ലീം) സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വില്ലേജ് ഓഫീസറിൽ നിന്നും ലഭ്യമാകുന്ന അവരവരുടെ സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ് (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് **അനുബന്ധം XXXIII** കാണുക). അപേക്ഷകന്റെ എസ്.എസ്.എൽ.സി/വിദ്യാഭ്യാസ രേഖയിൽ ജാതി/സമുദായം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വില്ലേജ് ഓഫീസർ നൽകുന്ന മൈനോറിറ്റി/സമുദായ സർട്ടിഫിക്കറ്റിന് പകരമായി പരിഗണിക്കുന്നതാണ്. സാധുവായ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല.

**<u>കുറിപ്പ്</u>** : ഭിന്നശേഷി സംവരണം ആവശ്യമുള്ളവർ ഓൺലൈൻ അപേക്ഷയിൽ പ്രസ്തുത വിവരം സൂചിപ്പിക്കേണ്ടതാണ്. മാത്രമല്ല UDID കാർ ഡ് അപേക്ഷയോടൊപ്പം ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. UDID കാർഡ് ലഭ്യമായിട്ടില്ല എങ്കിൽ അംഗീകൃത അധികാരസ്ഥാനം നൽകുന്ന 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്വം രേഖപ്പെടുത്തിയ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ഓൺലൈനായി സമർപ്പിക്കേണ്ടതാണ് . (പ്രോസ്പെക്ടസ് ക്ലോസ് 5. 3 കാണുക)

8. **<u>കോഴ്സ് സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റ് : BAMS</u>** കോഴ്സ് പഠിക്കുന്നതിനു ആഗ്രഹിക്കുന്നവർ പ്ലസ് ടു തലത്തിൽ സംസ്കൃതം ഒരു ഭാഷയായി പഠിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോഴ്സ് സർട്ടിഫിക്കറ്റ് /മാർക്ക് ലിസ്റ്റിന്റെ കോപ്പി ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അവസാന വർഷ VHSE (Agri)/HSE (NSQF Agri.stream), VHSE (Livestock Management)/HSE (Dairy Farmer

Entrepreneur Course, HSE Small Poultry Farmer Course) എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ അവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതിന് സ്ഥാപന മേധാവി നൽകുന്ന നിശ്ചിത ഫോർമാറ്റിലുള്ള കോഴ്സ് സർട്ടിഫിക്കറ്റ് (ഒപ്പ്, സീൽ എന്നിവ പതിപ്പിച്ച) ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. കോഴ്സ് പൂർത്തിയാക്കിയവർ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

9..**<u>അഡ്മിറ്റ് കാർഡ്</u>:** എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡുകൾ **www.cee.kerala.gov.in** എന്ന വൈബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഇതു സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. ഓൺലൈൻ അപേക്ഷയിൽ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സ് തെരഞ്ഞെടുത്തിട്ടുള്ള അപേക്ഷകർക്ക് മാത്രമാണ് അഡ്മിറ്റ് കാർഡുകൾ നൽകുന്നത്. അഡ്മിറ്റ് കാർഡ് പരീക്ഷാ ദിവസം പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതാണ്. അഡ്മിറ്റ് കാർഡുകൾ തപാൽ മുഖാന്തിരം അയയ്ക്കുന്നതല്ല.

എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയും വിവിധ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റും പ്രവേശനവും സർക്കാർ അംഗീകരിച്ച 2026 വർഷത്തെ പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും. 2026 -ലെ സംസ്ഥാന പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

**അപൂർണ്ണമായതും, നിർബന്ധമായി സമർപ്പിക്കേണ്ട വിവരങ്ങളും രേഖകളും അപ്‌ലോഡ് ചെയ്യാത്തതുമായ അപേക്ഷ നിരസിക്കുന്നതാണ്.**

**<u>അപേക്ഷസമർപ്പിക്കുന്നതിന് മുമ്പ് പ്രോസ്പെക്ടസിലെ വിവിധ വ്യവസ്ഥകൾ അപേക്ഷകർ വായിച്ച് മനസിലാക്കേണ്ടതാണ്.</u>**

***_അപേക്ഷ സമർപ്പിച്ചവരുടെ പ്രൊഫൈൽ വിവരങ്ങളും അപേക്ഷയിൽ അപാകതകൾ ഉണ്ടെങ്കിൽ അവയുടെ വിവരങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ 'KEAM 2026 - Candidate Portal' എന്ന ലിങ്കിൽ ലഭ്യമാകുന്നതാണ്. തീയതി പിന്നീട് വിജ്ഞാപനം ചെയ്യുന്നതാണ്. അപേക്ഷയിൽ അപാകതകൾ ഉള്ള പക്ഷം അവ നിശ്ചിത തീയതിയ്ക്കകം പരിഹരിക്കേണ്ടതാണ്. പ്രവേശന പരീക്ഷയേയും ബന്ധപ്പെട്ട വിഷയങ്ങളെയും സംബന്ധിച്ച് ആധികാരികമായ വിവരങ്ങൾ അറിയുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് അപേക്ഷകർ നിരന്തരം സന്ദർശിക്കേണ്ടതാണ്.***

**ഹെൽപ്പ് ലൈൻ നമ്പർ : 0471 -2332120** : എല്ലാ ദിവസവും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെ പ്രവർത്തിക്കുന്നതാണ്.

**സിറ്റിസൺസ് കോൾ സെന്റർ നമ്പർ : 155300 , 0471– 2335523**

ദേശീയ അവധി ദിവസങ്ങളൊഴികെ 24 മണിക്കൂറും കോൾ സെന്റർ സേവനം ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

**Signed by Arun S Nair**
**Date: 05-01-2026 10:51:11**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
05-01-2026